## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1638 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹരിതചട്ടം പാലിക്കുവാനുള്ള നിർദ്ദേശം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എസ്.ശബരീനാഥൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | ഓൺലൈൻ വഴി ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഹരിതചട്ടം പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. ഇതുമായി ബന്ധപ്പെട്ട ചർച്ച ഓൺലൈൻ ഭക്ഷണ വിതരണ കമ്പനികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നു. |
| (ബി) | ആഹാരം വിതരണം ചെയ്യുന്നതിന് ആരോഗ്യപരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ പാത്രങ്ങളും സാധനങ്ങളും ഉപയോഗിക്കുവാൻ നൽകിയ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം എന്താണ്; | (ബി) | ഇതിനായി ഒരു പൊതു സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളും പരിശോധനകളും വഴി ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തു വരുന്നു. |
| (സി) | പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കി തുണി സഞ്ചിയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുണി ബാഗുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം തിരുവനന്തപുരം നഗരസഭ ആരംഭിച്ചിട്ടുണ്ടോ; | (സി) | തുണി ബാഗുകൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരം കോർപറേഷന്റെ പരിഗണനയിൽ ഉണ്ട്. |
| (ഡി) | പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും പ്ലാസ്റ്റിക് ബദൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; അത് വിജയപ്രദമാണോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും പ്ലാസ്റ്റിക് ബദൽ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള പ്രചരണ പരിപാടികൾ വിജയപ്രദമാണ്. ഇത്തരം പ്രചരണ പരിപാടികളുടെ ഫലമായി ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവിധ മതാനുഷ്ഠാന ചടങ്ങുകൾ, സ്പോർട്സ് ഇവന്റുകൾ തുടങ്ങിയവ ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പ്രകൃതി സൗഹാർദ്ദപരമായി നടത്തി വരുന്നു. വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിലും ചില സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ